# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.340 — 06/01/2014-ൽ മറുപടിക്ക്

## മ്യൂസിയങ്ങളുടെ നവീകരണം

ചോദ്യം — ഉത്തരം

ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മ്യൂസിയങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) | മ്യൂസിയം ഗാർഡൻ നവീകരിക്കുന്നതിനായി 2,56,20,000/-(രണ്ടു കോടി അമ്പത്തിയാറ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ കേരള ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ആയതിന്റെ ജോലി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയം കേരള ശില്പകലാ ശൈലിയിൽ നവീകരിച്ചു. രണ്ടാം ഘട്ട നവീകരണത്തിന്റെ ഭാഗമായി കെ.സി.എസ്. പണിക്കരുടെ പ്രശസ്ത ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള ഗ്യാലറി എയർകണ്ടീഷൻ ചെയ്യുകയും നവീകരിക്കുകയും, ചിത്രങ്ങളുടെ കൺസർവേഷൻ നടത്തുകയുമുണ്ടായി. രാജാരവിവർമ്മ ഉൾപ്പെടെയുള്ളവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന ശ്രീചിത്രാ ആർട്ട് ഗ്യാലറിയുടെ നവീകരണം നടന്നു വരുന്നു. ആർട്ട് മ്യൂസിയത്തിലെ പ്രദർശന വസ്തുക്കളുടെ നവീകരണത്തിനായി കേരളം മ്യൂസിയത്തിന് രണ്ട് കോടിയോളം രൂപ നൽകിയിട്ടുണ്ട്. സന്ദർശകരുടെ തിരക്ക് നിയന്ത്രിക്കാൻ ടിക്കറ്റ് കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കുടിവെള്ള സൗകര്യം വർദ്ധിപ്പിക്കുകയും സന്ദർശകർക്കായി ഗാർഡനിൽ ആവശ്യത്തിനുള്ള ബെഞ്ചുകൾ സ്ഥാപിക്കുകയുമുണ്ടായി. മ്യൂസിയത്തിലും ഗാർഡനിലും സുരക്ഷാ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഉന്നത നിലവാരം പുലർത്തുന്ന മ്യൂസിയങ്ങളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുക, സന്ദർശകരെ കൂടുതൽ ആകർഷിക്കുക, ഗവേഷക വിദ്യാർത്ഥികൾക്ക് വിജ്ഞാന സമ്പാദനത്തിന് ഉതകുന്ന ഒരു സ്ഥാപനമാക്കി മ്യൂസിയത്തെ ഉയർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (സി) | സന്ദർശകർക്ക് വിശ്രമിക്കുന്നതിനായി ഗാർഡൻ ഏരിയകളിൽ കൂടുതൽ ചാര് ബെഞ്ച് സ്ഥാപിക്കുക, കുടിവെള്ളത്തിനായി പ്യൂരിഫൈഡ് വാട്ടർ ടാപ്പുകൾ സ്ഥാപിക്കുക, മികച്ച രീതിയിലുള്ള ഇ - ടോയ് ലറ്റുകൾ സ്ഥാപിക്കുക, പ്ലാസ്റ്റിക് നിരോധിത മേഖലയാക്കുക തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഗാർഡൻ ഏരിയാകളിൽ കൂടുതൽ ബെഞ്ചുകൾ സ്ഥാപിച്ചു. പ്യൂരിഫൈഡ് വാട്ടർ ടാപ്പുകൾ സ്ഥാപിച്ചു. നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തെ കേരള ശൈലിയിലുള്ള ശിൽപ്പകലാ രീതിയിൽ നവീകരിച്ചു, ഗാർഡൻ - സൂ ഏരിയാകളിൽ സെക്യൂരിറ്റി ക്യാമറ സംവിധാനം ഏർപ്പെടുത്തി, ഓട്ടോമാറ്റിക് ടിക്കറ്റ് കിയോസ്കുകൾ സ്ഥാപിച്ചു, പ്ലാസ്റ്റിക് നിരോധനം കർശനമാക്കി, ഇ-ടോയ് ലറ്റുകൾ സ്ഥാപിച്ചു. തുടങ്ങിയ നടപടികൾ പൂർത്തീകരിച്ചു. |

Saradadevi

സെക്ഷൻ ഓഫീസർ